മെട്രോ വാർത്ത
26 November 2016

# ശിൽപ്പശാല ആരംഭിച്ചു

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഡിജിറ്റൽ ലൈബ്രറി മാനെജ്മെന്റ് എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ ശിൽപ്പശാല കുഫോസ് വൈസ്ചാൻസലർ ഡോ. എ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തുന്നതിന് വിവര സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു. ഇതിനായി ലൈബ്രറി രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാർക്ക് മതിയായ പരിശീലനങ്ങൾ നൽകണം. വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാകുന്നതിലൂടെ പഠന, ഗവേഷണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും കൂടുതൽ ഫലപ്രദമാക്കാനും സാധിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഡി-സ്പെയ്സ് എന്ന പേരിൽ സിഎംഎഫ്ആർഐ സജ്ജീകരിച്ച ഡിജിറ്റൽ ആർകൈവ് സംവിധാനവും ചടങ്ങിൽ ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്റ്റർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സിഎംഎഫ്ആർഐ ലൈബ്രറിയെ ഫിഷറീസ്, സമുദ്രപഠന മേഖകളിൽ രാജ്യത്തെ ഇൻഫർമേഷൻ ഗേറ്റ്‌വേയാക്കി മാറ്റുമെന്ന് അദ്ദേഹം പറഞ്ഞു. ഡിജിറ്റൽ ലൈബ്രറി മേഖലകളിലെ പുത്തൻ സങ്കേതങ്ങളെ ഈ രംഗത്ത് പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനാണ് ഇത്തരമൊരു ശിൽപശാലയ്ക്ക് സിഎംഎഫ്ആർഐ നേതൃത്വം നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐയിൽ നിന്നും പ്രിൻസിപ്പിൽ സയന്റിസ്റ്റായി വിരമിച്ച ഡോ. എ.എ. ജയപ്രകാശ് രചിച്ച ഗ്ലിംസസ് ഓഫ് മറൈൻ ഫിഷറീസ്-എ കാരിക്കേച്ചർ എന്ന പ്രസിദ്ധീകരണം ഡോ. എ. ഗോപാലകൃഷ്ണൻ പ്രകാശനം ചെയ്തു. സിഎംഎഫ്ആർഐയിലെ ലൈബ്രറി ആൻഡ് ഡോക്യുമെന്റേഷൻ സെന്ററിനു കീഴിലാണ് ദ്വദിന ശിൽപശാല നടക്കുന്നത്. ഗോവ സർവകലാശാലയിലെ ഡോ. വി. ഗോപകുമാർ, ബംഗ്ളൂരു നാഷണൽ എയറോനോട്ടിക്സ് ലബോറട്ടറിയിലെ ഡോ. ബി.എസ്. ശിവറാം, ബംഗ്ളൂരു ഇൻഫർമാറ്റിക്സിലെ ബി. രവിശങ്കർ എന്നിവർ വിവിധ സെഷനുകളിൽ സംസാരിച്ചു. ശിൽപശാല ഇന്നു സമാപിക്കും.